കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ന്യൂമാഹി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് -2015-16

# കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം

നം.കെ.എസ്.എ.കെ.എൻ.ആർ/സി8/1973/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ -lfaddistofficeknr@gmail.com
വെബ് -www.lfa.kerala.gov.in
ഫോൺ:04972707698
തീയതി.01.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
ന്യൂമാഹി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ന്യൂ മാഹി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-1, 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-7, 3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

പി.പി.യു

നം.കെ.എസ്.എ.കെ.എൻ.ആർ.സി8/1973/2016

തിയ്യതി: 01.12.2016

## കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക

# വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.03.2016 മുതൽ 31.07.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | അശോകൻ മഠത്തിൽ.<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 14.10.2016 മുതൽ 24.10.2016 വരെ |

ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| രഘുനാഥ്.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| വിപിന വൽസരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

സി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി .പി.ശ്രീജ 01.04.2015 മുതൽ .31.10.2015 വരെ

01.11.2015 മുതൽ .19.11.2015 വരെ (ഭരണ നിർവ്വഹണ കമ്മിറ്റി)

ശ്രീ .എ.വി.ചന്ദ്രദാസൻ 20.11.2015 മുതൽ .31.03.2016 വരെ

സെക്രട്ടറി

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| സുജാത.എൻ.പി.<br>അസി.സെക്ര.(സെക്രട്ടറിയുടെ അധിക ചുമതല) | സെക്രട്ടറി | 01.04.2015 മുതൽ 09.08.2015 വരെ |
| പി.പി.സജിത | | 10.08.2015 മുതൽ 25.08.2015 വരെ |
| കുമാരൻ.പി | | 26.08.2015 മുതൽ 05.03.2016 വരെ |
| ജയപ്രകാശ് .വി.പി | | 06.03.2016 മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| അഷിത.എം.ആർ | കൃഷി ഓഫീസർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഡോ.നിഷ ചന്ദ്രൻ | വെറ്റിനറി സർജൻ | 01.04.2015 മുതൽ 31.03.2016 വരെ |
| സിദ്ദിഖ്.എം.വി | വി.ഇ.ഒ | 01.04.2015 മുതൽ 03.12.2015 വരെ |
| പ്രജിത്ത്.ടി.പി | | 04.12.2015 മുതൽ 09.01.2016 വരെ |

| | | |
|---|---|---|
| | | |
| ഷാജി | | 10.01.2016 മുതൽ 04.02.2016 വരെ |
| പ്രജിത്ത്.ടി.പി | | 05.02.2016 മുതൽ 31.03.2016 വരെ |
| മോഹനൻ.കെ | അസി.എഞ്ചിനിയർ | 01.04.2015 മുതൽ 17.06.2015 വരെ |
| ജയരാജ് | | 18.06.2015 മുതൽ 07.09.2015 വരെ |
| ദിലീഷ്.കെ | | 08.09.2015 മുതൽ 31.03.2016 വരെ |
| പത്മജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2015 മുതൽ 21.09.2015 വരെ |
| ഉഷ.വി.പി. | | 22.09.2015 മുതൽ 31.03.2016 വരെ |
| ഡോ.ഷിമ്മി.എസ് | മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ശ്രീലേഖ.ടി.വൈ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01.04.2015 മുതൽ 24.08.2015 വരെ |
| ഡോ.ഹന്ന യാസിൻ വയലിൽ | | 25.08.2015 മുതൽ 31.03.2016 വരെ |
| പ്രദോഷ് കുമാർ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01.04.2015 മുതൽ 31.03.2016 വരെ |
| കെ.എം.ചന്ദ്രൻ | ഹെഡ് മാസ്റ്റർ | 01.04.2015 മുതൽ 31.03.2016 വരെ |
| സുജാത.എൻ.പി | അസി.സെക്രട്ടറി | 01.04.2015 മുതൽ 11.01.2016 വരെ |
| മോഹൻദാസ് ജി<br>ഹെഡ് ക്ലർക്ക്(അസി.സെക്രട്ടറി യുടെ അധിക ചുമതല) | | 12.01.2016 മുതൽ 31.03.2016 വരെ |
| പി.പ്രശാന്തൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1<br>പൊതുഅവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | മോണിറ്ററിംഗ് | 1-8 | |
| 9 | ക്ഷേമപദ്ധതികൾ | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | പെർമിറ്റ് നിരസിച്ച കെട്ടിടങ്ങൾ : അനധികൃത നിർമ്മാണം നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 2-1 | 1 |

| | | | |
|---|---|---|---|
| | | | |
| 14 | കൂട്ടിച്ചേർക്കലിനു പെർമിറ്റ് നേടിയ കെട്ടിടങ്ങൾ കംപ്ലീഷൻ പ്ലാനുകൾ സമർപ്പിക്കുന്നില്ല | 2-2 | |
| 15 | ഡി&ഒ ലൈസൻസ് അനുവദിക്കുന്നത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ | 2-3 | |
| 16 | ഡി & ഒ ലൈസൻസ് -യഥാസമയം പുതുക്കുന്നില്ല. | 2-4 | |
| 17 | തൊഴിൽ നികുതി ഈടാക്കാത്തത് | 2-5 | |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | പ്രൊജക്റ്റ് നടപ്പിലാക്കുന്നതിൽ വീഴ്ച | 3-1 | |
| 19 | മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി ആനുകൂല്യം നൽകി 1,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-2 | |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -140000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 21 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ടുകൾ - അപാകതകൾ | 3-4 | |
| 22 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകൾ - അപാകതകൾ | 3-5 | |
| 23 | തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല-6,34,480/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-6 | |
| 24 | തെരുവ് വിളക്ക് കറന്റ് ചാർജ് - സംയുക്ത | 3-7 | |

| | | | |
|---|---|---|---|
| | പരിശോധനയില്ല | | |
| 25 | പൊതുടാപ്പുകളുടെ പരിപാലനം കാര്യക്ഷമമല്ല- സംയുക്തപരിശോധന നടത്താതെ വെള്ളക്കരം ഒടുക്കിവരുന്നു. | 3-8 | |
| 26 | മരാമത്ത് പണികളിലെ അപാകതകൾ | 3-9 | |
| | ഭാഗം 4<br>ഓഡിറ്റ് പ്രത്യവലോകനവും പൊതു വിവരങ്ങളും | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 36 | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 37 | അനുബന്ധം -2<br>ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | - | |

| | | | |
|---|---|---|---|
| 38 | അനുബന്ധം -3<br>റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | - | |
| 39 | അനുബന്ധം -4 ബാലൻസ് ഷീറ്റ് | - | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു

| |
|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി<br>നം.--- തീയ്യതി.29.03.2015<br><br>മുൻബാക്കി – 1,31,02,632<br>വരവ് – 3,77,98,280<br>ആകെ – 5,09,00,912<br>ചെലവ് – 4,59,03,870<br>നീക്കിയിരിപ്പ് – 49,97,042 |

ബജറ്റും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.2016 | 30.07.2016 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നൽകാവുന്നത് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 2015-16 | 21.10.2016&<br>22.10.2016 | വിശേഷണങ്ങളോട് കൂടിയത് | കെ.എസ്.എ/കെ.എൻ.ആർ /സി8/1973/2016 തീയ്യതി.01.12.2016 |

അപാകതകൾ

1)വിജയബാങ്ക് അക്കൌണ്ട് (1000031)നീക്കിയിരിപ്പ് തുക ഒത്ത്നോക്കൽ നടത്തിയിട്ടില്ല.

2)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.

3)സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4)വികസന ഫണ്ട് മുന്നിരിപ്പ് തുക (നോർമൽ വിഹിതം)വാർഷികകണക്കും എ.സി.ആറും തമ്മിൽ യോജിക്കുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 20309075 |
| വരവ് | 17486331 |
| ആകെ | 37795406 |
| ചെലവ് | 27870403 |
| നീക്കിബാക്കി | 9925003 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3309136 | ഇല്ല | 7742806 | 6904410 | 838396<br>(തിരിച്ചടച്ചത്) | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | (4433670/-രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്) | | | | |
| വികസന ഫണ്ട്(എസ്.സി.പി) | 9605 | 118000 | 127605 | 118000 | 9605 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1866779 | ഇല്ല | 1866779 | 1645084 | 221695 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 273358 | 773059 | 1046417 | 1046417 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1757851 | 3813628 | 5571479 | 3493763 | 2077716 | 0 |
| ലോക ബാങ്ക് സഹായം | 2346349 | 2248256 | 4594605 | 2248256 | 2346349 | 0 |
| എൻ.ആർ.ഇ.ജി.എസ്. | 0 | 204785 | 204785 | 204631 | --- | 154 |
| ബി ഫണ്ട് | 0 | 15232975 | 15232975 | 15232975 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 135 | 108 | 20 | 27 | 81 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ | നടപ്പാക്കിയത് | ആകെ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|

| | എണ്ണം | | അടങ്കൽ തുക | തുക | % |
|---|---|---|---|---|---|
| സെക്രട്ടറി | 13 | 06 | 3178814 | 2112761 | 66.46 |
| കൃഷി ഓഫീസർ | 07 | 07 | 422220 | 312165 | 73.93 |
| വെറ്റിനറി സർജൻ | 07 | 07 | 626000 | 366570 | 58.56 |
| വി.ഇ.ഒ | 11 | 06 | 4325100 | 221500 | 51.21 |
| അസി.എഞ്ചിനിയർ | 70 | 60 | 15912260 | 10211338 | 64.17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02 | 02 | 1043200 | 774792 | 74.27 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 02 | 02 | 231750 | 230414 | 99.42 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 02 | 02 | 150000 | 147700 | 98.47 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 05 | 05 | 1437200 | 1284841 | 89.40 |
| ഹെഡ് മാസ്റ്റർ | 08 | 07 | 834339 | 643427 | 77.11 |
| അസി.സെക്രട്ടറി | 06 | 04 | 328000 | 129620 | 39.52 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02 | 0 | 725000 | 0 | 0 |

അംഗീകരിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ 2015-16 വർഷം പഞ്ചായത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് കണക്കുകളിൽ നിന്നും വ്യക്തമാണ്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, സെക്രട്ടറി, വി.ഇ.ഒ എന്നിവർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ നിർവ്വഹണത്തിലാണ് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിക്കാതെ പോയത്. ഇതിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസിന് 7.25 ലക്ഷം രൂപയുടെ പദ്ധതികൾ നിർവ്വഹണത്തിന് നൽകിയെങ്കിലും ഒരു പ്രൊജക്ടുകൾ നടപ്പാക്കാൻ സാധിച്ചില്ല.

ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിലും പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. മൊത്തം

വകയിരുത്തിയ മെയിന്റനൻസ് ഫണ്ടിന്റെ (റോഡ് ഇതരം) 39.35% ഉം, എസ്.സി.പി.ഫണ്ട് വകയിരുത്തിയ തുകയുടെ 56.03% മാത്രമാണ് തൻവർഷം ചെലവഴിക്കപ്പെട്ടത്. തനത് ഫണ്ടാവട്ടെ വകയിരുത്തിയ തുകയുടെ നാമമാത്രമായ തുക (30.33%)യാണ് ചെലവഴിക്കപ്പെട്ടത്.

നിരവധി മാനുഷികദിനങ്ങൾ ഉപയോഗപ്പെടുത്തി പൊതുപണവും സമയവും ചെലവഴിച്ച് ജനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കാതിരിക്കുന്നത് കൃത്യവിലോപമാണ്.ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കാതെ പഞ്ചായത്തിലെ പൗരൻമാർക്ക് കിട്ടേണ്ടുന്ന സേവനം ലഭ്യമാക്കാതെ പോകുന്നത് ഗൗരവപൂർവ്വം പരിശോധിക്കപ്പെടേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2946048 | 2122309 | 823739 | 27.96(-) |
| നികുതിയേതര വരവുകൾ | 1219896 | 1174343 | 45553 | 3.73(-) |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | - | - | - | - |
| ആകെ | 4165944 | 3296652 | 869292 | 20.87(-) |

## 1-8 മോണിറ്ററിംഗ്

പദ്ധതി നിർവഹണത്തിലെ അവിഭാജ്യഘടകമാണ് മോണിറ്ററിംഗ്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ (എം.എസ്) 28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തന പരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഒഴിച്ചുനിർത്തിയാൽ ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റരീതിയിൽ നടത്തിയിട്ടില്ല.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21600 | 19 |
| കർഷകതൊഴിലാളി വേതനം | 253800 | 30 |
| വിധവാ പെൻഷൻ | 4573200 | 414 |
| വാർദ്ധക്യകാല പെൻഷൻ | 7472520 | 756 |
| വികലാംഗ പെൻഷൻ | 1644460 | 133 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2,060/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്ന് പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നതിൽ പുരോഗതി കൈവരിച്ചില്ല.ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമായുണ്ട്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 08.08.2016 | 01.06.2016-31.07.2016 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 12.12.2012 | 2007-08-2011-12 | 24.09.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പെർമിറ്റ് നിരസിച്ച കെട്ടിടങ്ങൾ : അനധികൃത നിർമ്മാണം നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2015-16 ൽ ബിൽഡിംഗ് പെർമിറ്റിനായി ആകെ 232 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇതിൽ 60 അപേക്ഷകളിൽ പെർമിറ്റ് നൽകിയിട്ടില്ല. ഇതിൽ ന്യൂനത ഉള്ള അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിന് അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള അപേക്ഷകളിൽ എൻ.ഒ.സി ആവശ്യമുള്ളതിന് ബന്ധപ്പെട്ട അധികാരികൾക്ക് പെർമിറ്റ് അപേക്ഷയും പ്ലാനുകളും അയച്ചുകൊടുത്തിട്ടുണ്ടെന്നും പഞ്ചായത്തധികൃതർ അറിയിക്കുകയുണ്ടായി. എന്നാൽ ഇത്തരത്തിൽ പെർമിറ്റ് നിഷേധിക്കപ്പെട്ട കെട്ടിടനിർമ്മാണ അപേക്ഷകളുടെ കാര്യത്തിൽ അനധികൃത നിർമ്മാണം നടന്നു വരുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള നടപടികളൊന്നും അധികൃതർ സ്വീകരിച്ചിട്ടില്ല.

2015-16 ൽ പഞ്ചായത്ത് പരിധിയിൽ രണ്ട് അനധികൃത കെട്ടിടനിർമ്മാണം നടന്നു വരുന്നുണ്ടെന്നും ആയത് പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം 9 ന് മറുപടി ലഭ്യമാക്കുകയുണ്ടായി.03-08-15ന് ശ്രീ.അനിൽ കുമാർ വൈ.എം, വിരാഗ്, കുറിച്ചിയിൽ പി.ഒ എന്നയാൾ നൽകിയ വിവരാവകാശ അപേക്ഷയിൽ No Development zone ൽ കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും നടപടി സ്വീകരിച്ചു വരുന്നുവെന്നുമാണ് പഞ്ചായത്ത് അധികൃതർ മറുപടി നൽകിയത്. പഞ്ചായത്തിൽ നിരവധി കെട്ടിടങ്ങൾ അനുമതിയില്ലാതെ നിർമ്മിക്കുകയും പ്രവർത്തനം നടത്തുകയും ചെയ്യുന്നത് സംബന്ധിച്ച് 2014-15 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്.

ഇത്തരത്തിലുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയാൻ പഞ്ചായത്ത് അധികൃതർ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതും അനധികൃത കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചു മാറ്റാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-2 കൂട്ടിച്ചേർക്കലിനു പെർമിറ്റ് നേടിയ കെട്ടിടങ്ങൾ കംപ്ലീഷൻ പ്ലാനുകൾ സമർപ്പിക്കുന്നില്ല

2008 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി 35 പെർമിറ്റുകൾ

നൽകിയിട്ടുണ്ട്. മേൽ പെർമിറ്റുകളിൽ ആകെ 4 എണ്ണം മാത്രമാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുള്ളത്. 10 പെർമിറ്റുകൾ കാലാവധിക്കു ശേഷം പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന 21 കെട്ടിടങ്ങളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ നൽകുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. ഈ കെട്ടിടങ്ങളുടെ കാര്യത്തിൽ അനധികൃത നിർമാണം നടത്തിയിട്ടില്ല എന്നുറപ്പുവരുത്താനുള്ള നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മേൽ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കൽ നടന്നിട്ടുണ്ടെങ്കിൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട നികുതി നഷ്ടമാകുന്ന സ്ഥിതിയുണ്ടാകുന്നു. അനധികൃത നിർമ്മാണം നടത്തിയതായി നിലവിൽ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 9തീ 21-10-16 ന് മറുപടി ലഭ്യമാക്കിയത്. മേൽ കെട്ടിടങ്ങൾ പുനപരിശോധിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. നടപടികൾ ത്വരിതപ്പെടുത്തി പഞ്ചായത്തിന് വരുമാന ചോർച്ച ഉണ്ടാകുന്നത് തടയേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് അനുവദിക്കുന്നത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ

ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിന് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വ്യാപാരിയുടെ പേര് | വാർഡ് നമ്പർ/കെട്ടിട നം | സ്ഥാപനത്തിന്റെ തരം | ആവശ്യമായ അനുമതി പത്രം |
|---|---|---|---|---|
| 1 | പി.പി കുമാരൻ<br>പുത്തൻ പുരയിൽ<br>കുറിച്ചിയിൽ | 7/177 | ബേക്കറി | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് |
| 2 | ദിനൂപ് പി<br>ദീപാലയം<br>ഏടന്നൂർ<br>ന്യൂമാഹി | 5/80 | ഇറച്ചിക്കോഴി സ്റ്റോക്ക് ചെയ്യലും വിൽപനയും | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് |
| 3 | എം.സി രവീന്ദ്രൻ<br>രാജ് വിഹാർ<br>പരിമഠം | 7/146 D | ഹോട്ടൽ | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് |
| 4 | വി.അബ്ദുൾ ലത്തീഫ്<br>കരിയാടൻ ഹൌസ് | 7/240 | ചിക്കൻസ്റ്റാൾ | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് |

| | | | | |
|---|---|---|---|---|
| | ടെമ്പിൾ ഗേറ്റ് | | | |
| 5 | എൻ.എം.സുധാകരൻ<br>റീന നിവാസ്<br>ഏടന്നൂർ | - | ചിക്കൻസ്റ്റാൾ | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് |
| 6 | കെ.കെ കുമാരൻ<br>പായറ്റ ഹൌസ്<br>കുറിച്ചിയിൽ | 6/34A | സോഡാ നിർമ്മാണം | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 7 | എ.വി.മൊയ്തീൻ<br>ഷർമിനാസ്<br>ഈസ്റ്റ് പള്ളൂർ | 9/282 | സോഡാ നിർമ്മാണം | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |

സ്ഥാപനങ്ങൾക്ക് ഡി& ഒ ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ അനുമതിപത്രങ്ങൾ ലഭ്യമാക്കിയി ട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 <u>ഡി & ഒ ലൈസൻസ് -യഥാസമയം പുതുക്കുന്നില്ല.</u>

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ ആവശ്യത്തിലേക്കായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളിലും മേൽ സമയക്രമം പാലിക്കുന്നില്ല.ഉദാഹരണം ചുവടെ കൊടുക്കുന്നു.

| അപേക്ഷ നം | സ്ഥാപന ഉടമയുടെ പേര് | വാർഡ് /കെട്ടിട നമ്പർ | ആവശ്യം | അപേക്ഷ തീയതി |
|---|---|---|---|---|
| 363 | മഞ്ജുള പവിത്രൻ<br>പ്രതീക്ഷ<br>കുറിച്ചിയിൽ | 5/58D | ഫ്ലോർ മിൽ | 31-03-16 |

| | | | | |
|---|---|---|---|---|
| 362 | അമിത.കെ<br>പ്രസ്സ് വളപ്പിൽ<br>കുറിച്ചിയിൽ | 7/153B | ബ്യൂട്ടി പാർലർ | 31-03-16 |
| 354 | വി.എം പുരുഷു<br>കൊപ്പരക്കണ്ടിയിൽ<br>കുറിച്ചിയിൽ | | അനാദികച്ചവടം | 30-03-16 |
| 351 | ദിനൂപ് .പി<br>ദീപാലയം<br>ഏടന്നൂർ<br>ന്യൂമാഹി | | ഇറച്ചിക്കോഴി സ്റ്റോക്ക് ചെയ്യലും വില്പനയും | 30-03-16 |
| 349 | കെ.കെ നാസർ<br>കല്ലിനപ്പുറത്ത്<br>കുറിച്ചിയിൽ | | മത്സ്യക്കച്ചവടം | 29-03-16 |

2015-16 ൽ ഡി&ഒ ലൈസൻസ് പുതുക്കുന്നതിനായി ആകെ 353 അപേക്ഷകൾ ലഭിക്കുകയുണ്ടായി.ഇതിൽ 119 എണ്ണം അപേക്ഷകളും സമർപ്പിച്ചിട്ടുള്ളത് 2016 മാർച്ചിലും 14 എണ്ണം ഫെബ്രുവരിയിലുമാണ്.
യഥാസമയം അപേക്ഷ സമർപ്പിക്കാത്ത ഇത്തരം സ്ഥാപനങ്ങൾക്ക് പട്ടിക 2 ൽ പറയുന്ന വാർഷിക ഫീസ് ബാധകമാണെന്നിരിക്കെ, 1994ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232(1)പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന വ്യവസ്ഥയനുസരിച്ച് ഇവയെ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ചട്ടലംഘനത്തിന് 1994ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255പ്രകാരംപിഴ ഈടാക്കാവുന്നതാണ്. നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കാത്തത്

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം 205(b) മുതൽ 205(f) വരെ, തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 10,13 എന്നിവ പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള തൊഴിൽ നികുതി അടയ്ക്കാൻ

ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾക്കും ഇത് സംബന്ധിച്ച് നോട്ടീസ് അയക്കേണ്ടതാണ്. എന്നാൽ 2015-16 വർഷം ഡി& ഒ ലൈസൻസ് നൽകിയ താഴെ പറയുന്ന കച്ചവടക്കാരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പേര് ,വിലാസം | വാർഡ് നം/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ തരം |
|---|---|---|---|
| 1 | പ്രേംനാഥ്<br>ചേലോട്ട് ഹൌസ്<br>പെരിങ്ങാടി | II/155 | അനാദി |
| 2 | ടി.രാജീവൻ<br>ശ്രീനന്ദനം<br>ഈസ്റ്റ് പള്ളൂർ<br>മാഹി | II/381B | അനാദി |
| 3 | നാലകത്ത് ഉമ്മർ<br>പുതിയ വീട്ടിൽ<br>പെരിങ്ങാടി | III/203 | അനാദി |
| 4 | കക്കറയിൽ ശ്രീലേഷ്<br>നാലുതറ പി.ഒ | IV/244B | ഫർണിച്ചർ നിർമ്മാണം |
| 5 | പി.കെ.ശ്രീജിത്ത്<br>വരക്കൾ താഴെ<br>ചോറോട് | V/201 | അനാദി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4 തീ 18-10-16 ന് ക്രമനമ്പർ 1,3, 4 എന്നിവരിൽ നിന്നും 2016-17 വർഷം കുടിശ്ശികയിനത്തിൽ ആയത് ഈടാക്കിയിട്ടുണ്ടെന്നും ക്രമനമ്പർ 2,5 എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾക്കും നിർബന്ധമായും നോട്ടീസ് നൽകേണ്ടതും വരുമാനചോർച്ച സംഭവിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.ക്രമനമ്പർ 2,5 എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്റ്റ് നടപ്പിലാക്കുന്നതിൽ വീഴ്ച

നിർവ്വഹണ ഉദ്യോഗസ്ഥൻ -സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

2015-16 വർഷം ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ രണ്ട് പ്രൊജക്ടുകളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചത്.മത്സ്യതൊഴിലാളികൾക്ക് ഡിങ്കി വിതരണവും(ഫൈബർ തോണി),മത്സ്യതൊഴിലാളികളുടെ വീട് പുനരുദ്ധാരണം എന്നീ പ്രൊജക്ടുകളാണ് നടപ്പിലാക്കുവാൻ അനുമതി ലഭിച്ചിട്ടുള്ളത്.എന്നാൽ അംഗീകാരം ലഭിച്ച രണ്ടു പ്രൊജക്ടുകളും തൻവർഷം നടപ്പിലാക്കുകയുണ്ടായില്ല.ഇതിൽ മത്സ്യതൊഴിലാളികൾക്ക് ഫൈബർ തോണി വിതരണം എന്ന പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 02.07.2015 തീയ്യതിയിലെ 52/15(2) നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിക്കുകയും 30.11.2015ലെ 86/15(3) തീരുമാനപ്രകാരം ഫൈബർ തോണി വിതരണം ചെയ്യുന്നതിന് കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത റെയ്ഡ്കോവിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.ഇതിനായി ഗുണഭോക്താക്കളിൽനിന്നും 2,56,050/-രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ചെയ്തു.എന്നാൽ പ്രൊജക്റ്റ് സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കാതെപോയത് നിർവ്വഹണത്തിലെ വീഴ്ചയാണ്.ഇത് സംബന്ധിച്ച് 18.10.2016 തീയ്യതിയിൽ നൽകിയ എൻക്വയറിക്ക് നൽകിയ മറുപടി റെയ്ഡ്കോ തോണി വിതരണം ചെയ്യുവാൻ താമസിച്ചതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെന്നാണ്.എന്നാൽ ഇത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.പ്രൊജക്ട് നടപ്പിലാക്കുന്നതിന് എല്ലാതലത്തിലുമുള്ള അനുമതിയും ഗുണഭോക്തൃവിഹിതം ഉൾപ്പെടെ മതിയായ ഫണ്ടും സമയബന്ധിതമായി ലഭ്യമായിട്ടും അർഹതപ്പെട്ട ആനുകൂല്യങ്ങൾ പദ്ധതിഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കാതെ പോയത് മേൽ പ്രൊജക്ടിന്റെ നടത്തിപ്പിൽ സംഭവിച്ച കാര്യമായ വീഴ്ചയാണ്.പോരായ്മകൾ പരിശോധിച്ച് ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി ആനുകൂല്യം നൽകി 1,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ഭവനപുനരുദ്ധാരണം (ജനറൽ)

പ്രൊജക്റ്റ് നം -5/16

അടങ്കൽ -480000

ബിൽ നം -1/27.06.2015

പന്ത്രണ്ടാം പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ തീ.16.11.2013 പ്രകാരം ഭവന പുനരുദ്ധാരണത്തിന് അനുകൂല്യം നൽകുമ്പോൾ ഏതാനും മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് വീടിന്റെ ഉടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കണം.വരുമാന പരിധിക്കുവിധേയമായി അർഹത പരിശോധിക്കണം. എൽ.എസ്.ജി.ഡി എഞ്ചിനിയർ അളവെടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്. പുതിയ വീട് നിർമ്മിച്ച് എട്ട് വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. പദ്ധതി മോണിറ്ററിംഗ് നടത്തണം.എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കളായ സുഹറ, വൽസൻ, ശ്രീമതി, കാർത്യായനി, നാണു, അഹമ്മദ് എന്നവർക്ക് ആനുകൂല്യം നൽകിയപ്പോൾ ഈ മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ല.അപാകതകൾ ഓഡിറ്റിൽ എൻക്വയറി (8/20.10.16)മുഖേന ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ആനുകൂല്യം ലഭിച്ചവർ ബി.പി.എൽ വിഭാഗത്തിൽ പെടുന്നവരാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനസമയത്ത് സ്വയം സാക്ഷ്യപ്പെടുത്തി നൽകുകയാണുണ്ടായത്. ഇത് ക്രമവിരുദ്ധമായ നടപടിയാണ്. അതുപോലെ എഞ്ചിനിയർ അളവെടുക്കാതെയാണ് ആനുകൂല്യം നൽകിയത്. ഇതുകാരണം യഥാർത്ഥത്തിൽ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം നടത്തിയിട്ടുണ്ടോ എന്നും എത്രത്തോളം നടത്തിയിട്ടുണ്ട് എന്നും ഉദ്യോഗസ്ഥതലത്തിൽ പരിശോധന നടന്നിട്ടില്ല എന്നതാണ് വസ്തുത. മാനദണ്ഡപ്രകാരം പുതിയ വീട് നിർമ്മിച്ച് എട്ട് വർഷമെങ്കിലും കഴിഞ്ഞവരാണ് ഗുണഭോക്താക്കളെന്ന് ഉറപ്പ് വരുത്താതെയാണ് തുക നൽകിയത്. നടപടിക്രമങ്ങൾ പാലിക്കാതെയും അർഹത പരിശോധിക്കാതെയും ആനുകൂല്യം നൽകിയതിനാലും മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കാത്തതിനാലും ചെലവഴിച്ച 150000/-(6x25000)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -140000/-രൂപ തടസ്സപ്പെടുത്തുന്നു.

2015-16 വർഷത്തിൽ വിവിധ പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 140000/- രൂപ തടസ്സപ്പെടുത്തുന്നു.വിശദവിവരം ചുവടെ

| പ്രോജക്റ്റ് നം&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം&തീയ്യതി/ചെക്ക് നം&തീ | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| ഐ.എ.വൈ ഭവനനിർമ്മാണം | വി.ഇ.ഒ | 9/16.03.2016 | 100000/- | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |

| | | | |
|---|---|---|---|
| | 10/16.03.2016 | 40000/- | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| | 140000/- | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി 1,40,000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ടുകൾ - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

1. പ്രൊജക്ടിന്റെ പേര് - തൊഴുത്ത് നിർമ്മാണം. പ്രോജക്ട് നമ്പർ 131/16.

അടങ്കൽ തുക - 50,000/- തനത് ഫണ്ട്. ഗു.വി. 50,000/- നേരിട്ട് ചെലവഴിക്കുന്നത്.

ചെക്ക് നമ്പർ - 047345/28.11.15. തുക. 20,000/-പുന്നോൽ സർവ്വീസ് സഹകരണ ബാങ്ക്.

ചെക്ക് നമ്പർ 047822/30.3.2016. തുക- 10,000/- ഭരണാനുമതി നമ്പർ 29/15/27.3.15.

ആകെ ചെലവ് തുക – 30,000/-

സ.ഉ.(എം.എസ്.) നമ്പർ362/2013/തസ്വ.ഭ.വ തീ. 16.11.2013 പ്രകാരമുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ അനുബന്ധം 1 ലെ ഖണ്ഡിക 2(iv) പ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജൻ സർട്ടിഫൈ ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരമൊരു സർട്ടിഫിക്കറ്റ് തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറി (നം.11) നൽകിയതിനെ തുടർന്ന് അപേക്ഷകളിൽ പ്രസ്തുത സർട്ടിഫിക്കറ്റ് എഴുതി ചേർത്തിട്ടുണ്ട്. കൂടാതെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മിനട്സ് ബുക്കിന്റെ സാക്ഷ്യപ്പെടുത്താത്ത പകർപ്പ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

2 ജി.ഒ.പി.177/2006 ധനം.12.4.2006 നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 18.3 ൽ അനുശാസിക്കും വിധം Annexure B-IV മാതൃകയിലുള്ള സബ്സിഡിയറി രജിസ്റ്റർ, ഖണ്ഡിക 26.6 ൽ അനുശാസിക്കും വിധമുള്ള Annexure B-V മാതൃകയിലുള്ള പ്രൊജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ മേൽ ഇനത്തിൽ ചെലവഴിച്ച 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകൾ - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,ന്യൂമാഹി ഗ്രാമപഞ്ചായത്ത്

സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.362/2013/ത.സ്വ.ഭ.വ. തീയ്യതി 16.11.2013 സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം -1 ലെ ഖണ്ഡിക 7 (i) യിൽ അനുശാസിക്കും പ്രകാരം ബന്ധപ്പെട്ട ഡി.എം.ഒയിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ ശേഷം മാത്രമേ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങാവൂ. എന്നാൽ താഴെ

പറയുന്ന പ്രൊജക്ടുകളുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1.പ്രൊജക്ടിന്റെ പേര് - പി.എച്ച്.സി ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ. പ്രൊജക്ട് നമ്പർ 8/2016.

അടങ്കൽ തുക- 1,50,000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്.

ഭരണാനുമതി നമ്പർ തീയ്യതി - 29/15.തീ. 27.3.2015.

ബിൽ നമ്പർ - 1/21.8.15 തുക – 1,14,317/-

ബിൽ നമ്പർ - 7/30.3.16 തുക – 35,666/-

ആകെ ചെലവ് - 1,49,983/-

2.പ്രൊജക്ടിന്റെ പേര് - പെയിൻ ആന്റ് പാലിയേറ്റീവ് പ്രോഗ്രാം - പ്രൊജക്ട് നമ്പർ 33/2016.

അടങ്കൽ തുക- 3,00,000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്.

ഭരണാനുമതി നമ്പർ തീയ്യതി - 29/15.തീ. 27.3.2015.

ബിൽ നമ്പർ - 2/28.9.15 തുക – 93,688/- വികസന ഫണ്ട്.

മേൽ തുകയിൽനിന്ന് 19000/ രൂപ ഹോംകെയർ യൂണിറ്റിന്റെ ചെലവുകൾക്കായി വിനിയോഗിച്ചു. ബാക്കി 74,688/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

ആയതിനാൽ മേൽ ഇനത്തിൽ ചെലവഴിച്ച ₹ 224671 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-6** തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- **6,34,480/-**രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ജി.ഒ (സാധാ)1469/13ത.സ്വ.ഭ.വ തീയ്യതി 05.06.2013 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമായ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിന് ക്രൂസിന് അനുമതി നൽകിയിട്ടുണ്ട്. ഉത്തവനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 2015-16 ൽ പ്രൊജക്ട് തയ്യാറാക്കിയുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ട് നമ്പർ & പേര് : 128/16 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

ബിൽ നമ്പർ : 5/15-16/18-08-15

ചെലവ് തുക : 6,34,480/- വികസനഫണ്ട്

മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ വിളക്കുകൾ ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന വിവരങ്ങൾ, ബന്ധപ്പെട്ട വാർഡ് മെമ്പർമാരിൽ നിന്നുമുള്ള സാക്ഷ്യപത്രം, കെ.എസ്.ഇ.ബി.യിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 6,34,480/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-7** തെരുവ് വിളക്ക് കറന്റ് ചാർജ് - സംയുക്ത പരിശോധനയില്ല

ന്യൂമാഹി ഗ്രാമപഞ്ചായത്ത് 2015-16 വർഷം തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജിനത്തിൽ ചൊക്ലി കെ.എസ്.ഇ.ബി. സെക്ഷനിൽ പ്രതിമാസം 27,482 രൂപയും കോടിയേരി കെ.എസ്.ഇ.ബി. സെക്ഷനിൽ പ്രതിമാസം 11,206/-രൂപയുമാണ് ഒടുക്കിവന്നിട്ടുള്ളത്. 2008 ന് ശേഷം പ്രകാശിക്കുന്ന യഥാർത്ഥ വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ ഏതെല്ലാം തരം ബൾബുകൾക്കുള്ള ചാർജാണ് പഞ്ചായത്ത് കെ.എസ്.ഇ.ബിയിൽ ഒടുക്കിവരുന്നത് എന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അതുപോലെ വൈദ്യുതി വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രകാശിക്കാത്ത ബൾബുകൾക്ക് ചാർജ് ഒടുക്കിവരുന്നുണ്ടോ എന്നതും ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും തെരുവ് വിളക്ക് കറന്റ് ചാർജിനത്തിൽ തുക അധികം ഒടുക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-8 പൊതുടാപ്പുകളുടെ പരിപാലനം കാര്യക്ഷമമല്ല-സംയുക്തപരിശോധന നടത്താതെ വെള്ളക്കരം ഒടുക്കിവരുന്നു.

പഞ്ചായത്തിലെ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി 24,500/- രൂപ തനത് ഫണ്ടും 3,25,500/- രൂപ റോഡിതര സംരക്ഷണ ഗ്രാന്റും വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം മാസം 27,125/- രൂപ വീതം (ടാപ്പുകളുടെ എണ്ണം 62, Rate/tap : 5,250/-) വാട്ടർ അതോറിറ്റിക്ക് അടച്ചു വരുന്നതായാണ് പരിശോധനയിൽ കണ്ടത്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്ററുകളൊന്നും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. യഥാർത്ഥത്തിൽ 62 ടാപ്പുകളും പ്രവർത്തന ക്ഷമമാണെന്നുള്ള കണക്കെടുപ്പുകളോ, സംയുക്തപരിശോധനയോ നടത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം.2205/89 K.W.A/H.O(F)22.3.1999 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ കൂടി ഒരു മിനുട്ടിൽ ശരാശരി 5ലിറ്റർ എന്നതോതിൽ ശരാശരി 8 മണിക്കൂർ നേരത്തേക്ക് പ്രതിദിനം 2.4 കിലോലിറ്റർ എന്ന കണക്കിൽ വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജലലഭ്യതയെപറ്റിയോ, പ്രവർത്തനക്ഷമമായ പൊതുടാപ്പുകളെ സംബന്ധിച്ചോ കൃത്യമായ കണക്കില്ലാതെ ജലഅതോറിറ്റി ആവശ്യപ്പെടുന്ന തുക വർഷങ്ങളായി അതേപടി ഒടുക്കിവരികയാണ് ചെയ്തുവരുന്നത്. ആയതിനാൽ ജലഅതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതുമാണ്. പൊതുടാപ്പുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഇതിനായി തയ്യാറാക്കേണ്ടതും, സമയാസമയങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-9 മരാമത്ത് പണികളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ജി.ഒ (പി) 13/2012 /PWD/1-2-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലെ സെക്ഷൻ 2005 ൽ അനുശാസിക്കും പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് ടെൻഡർ

ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ ടെൻഡർ ഷെഡ്യൂളിലൊന്നും തന്നെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മരാമത്ത് പ്രവത്തികൾ സമയപരിധിക്കകം തന്നെയാണ് പൂർത്തീകരിച്ചതെന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

2015-16 വർഷത്തിൽ 50mm കനമുള്ള ഇന്റർലോക്കിംഗ് ടൈൽസ് പാകുന്ന പ്രവൃത്തികൾക്ക് ചതുരശ്രമീറ്ററിന് 1068 രൂപ എന്ന നിരക്കാണ് നൽകിയിരിക്കുന്നത്. തലശ്ശേരി താലൂക്ക് കൺവേയൻസ് നിരക്ക് പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബുക്കിൽ ഇനം 171 ആയി 5mm ഇന്റർലോക്കിംഗ് ടൈൽസിന് പ്രാദേശിക നിരക്ക് കാണിച്ചിരിക്കുന്നത് $600/m^2$ ആണ്. ഇത് പ്രകാരം 1 ചതുരശ്രമീറ്ററിന് 1022 രൂപയാണ് അനുവദനീയമായ നിരക്ക്. വിശദവിവരങ്ങൾ 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 ൽ ചേർത്തിട്ടുണ്ട്.

1. പ്രൊജക്ടിന്റെ പേര് - കുരിക്കൾ വീട് ഫുട്പാത്ത് ഇൻറർലോക്കിംഗ്. പ്രോജക്ട് നമ്പർ 44/16. അടങ്കൽ തുക - 70,000/ - വികസന ഫണ്ട്.

കരാറുകാരന്റെ പേര് - സി.ജയന്ത്. 9.9%കുറവ്

എഗ്രിമെന്റ് നമ്പർ- AE/NM/24/14-15/dt.20.11.2014

സാങ്കേതികാനുമതി നമ്പർ- AEE/LSGD/TLY/136/14-15 dt.16.9.2014

എം.ബുക്ക് നമ്പർ- 31/14-15

ബിൽ നമ്പർ 18/29.2.2016. തുക- 62504/- വികസന ഫണ്ട്.

പ്രസ്തുത പ്രവത്തിയുടെ ഇനം നമ്പർ 2 ഇന്റർലോക്കിംഗ് പ്രവൃത്തിക്ക് 61 ച.മീറ്ററിന് 1022 രൂപ

നിരക്കിൽ ₹ 62342/- അനുവദിക്കുന്നതിന് പകരം ച.മീറ്ററിന് ₹ 1068/- നിരക്കിൽ ₹65148/-അനുവദിച്ചതിനാൽ ₹ 2806/- അധികം നൽകിയിട്ടുണ്ട്.കരാർ തുക എസ്റ്റിമേറ്റിലും 9.9%കുറവായതിനാൽ ₹278 കുറച്ച് ₹2528/- അധികം നൽകിയിട്ടുണ്ട്.

2. പ്രൊജക്ടിന്റെ പേര് - എൻ.എച്ച്.ബരയിൽ ഫുട്പാത്ത് ഇൻറർലോക്കിംഗ്. പ്രോജക്ട് നമ്പർ 53/16. അടങ്കൽ തുക - 165,000/ - വികസന ഫണ്ട്.

കരാറുകാരന്റെ പേര് - കെ.സി.ദിജീഷ് കുമാർ 16%കുറവ്

എഗ്രിമെന്റ് നമ്പർ- AE/NM/28/14-15/dt.20.11.2014

സാങ്കേതികാനുമതി നമ്പർ- AEE/LSGD/TLY/ 650 /14-15. dt.16.9.2014

എം.ബുക്ക് നമ്പർ- 66/14-15

ബിൽ നമ്പർ 3/30.7.2015. തുക- 25844/- വികസന ഫണ്ട്.

ബിൽ നമ്പർ 7/30.7.2015.തുക – 111030

ആകെ ചെലവ് - 136874/-

പ്രസ്തുത പ്രവൃത്തിയുടെ ഇനം നമ്പർ 1ഇന്റർലോക്കിംഗ് പ്രവൃത്തി 145 ച.മീറ്ററിൽ ചെയ്തതിന് ച.മീറ്ററിന് 1022 രൂപ നിരക്കിൽ ആകെ₹148190 /- അനുവദിക്കുന്നതിന് പകരം ച.മീറ്ററിന്

₹ 1068/- നിരക്കിൽ ആകെ ₹154860 /-അനുവദിച്ചതിനാൽ ₹6670 /- അധികംനൽകിയിട്ടുണ്ട്.

കരാർ തുക എസ്റ്റിമേറ്റിലും 16%കുറവായതിനാൽ ₹1076 കുറച്ച് ആകെ ₹5603 /- അധികം നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളിലുമായി ആകെ തുക ₹ 8131 അധികം നൽകിയിട്ടുണ്ട്

ഇതു സംബന്ധിച്ച് 24\10\2016 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.(13) അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തിക്ക് കൂടിയ നിരക്കിൽ മനുഷ്യദിനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പുതിയ ഒരു ഡാറ്റയാണ് ലഭ്യമാക്കിയത്. ഈ പ്രവൃത്തിക്ക് നൽകിയ നിരക്ക്, ഒബ്സേർവ്ഡ് ഡാറ്റ എന്നിവ ശരിയാണോ എന്ന് പരിശോധിക്കുന്നതിന് വിശദമായ അന്വേഷണം ആവശ്യമാണ്. അന്വേഷണം നടത്തി അധിക തുക ഈടാക്കുന്നതിന് വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ശിശു വികസന ഓഫീസ് | 624968 | അങ്കണവാടി പോഷകാഹാരം | 331592 | 293376 |
| ജില്ലാ പഞ്ചായത്ത് | 81001 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 81001 | 0 |

ബാക്കിയായ തുക വിനിയോഗിക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/എന്നിവയുടെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1217808 |
| തൻവർഷം നിക്ഷേപിച്ച തുക | 124825 |
| ആകെ | 1342633 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1342633 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| തലശ്ശേരി സഹകരണ റൂറൽ ബാങ്ക് | 1342633 | 005001077443 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 17486331 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 27870403 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1179151 |

*Receipt & Payment Statement പ്രകാരം

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 2528 | ദിലീഷ്.കെ.അസി.എഞ്ചിനിയർ |
| 3-9 | 5603 | ജയരാജൻ,അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 150000 | സിദ്ദിഖ്.എം.വി,വി.ഇ.ഒ |
| 3-3 | 140000 | പ്രജിത്ത്.ടി.പി,വി.ഇ.ഒ |
| 3-4 | 30000 | നിഷ ചന്ദ്രൻ,വെറ്ററിനറി സർജൻ |
| 3-5 | 224671 | പ്രദോഷ് കുമാർ,മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-6 | 634480 | പി.പി.സജിത,സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദിലീഷ്.കെ.അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>ന്യൂമാഹി ഗ്രാമ പഞ്ചായത്ത്. | ആരാധന<br>കോവൂർ<br>പി.ഒ.എരുവട്ടി |
| ജയരാജൻ,അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>അഞ്ചരക്കണ്ടിഗ്രാമ പഞ്ചായത്ത്. | പൌർണമി<br>വളവിൽ പീടിക<br>മാമ്പ.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.എൻ.ആർ/ഡി1/941/2009/(11)തീ.23.06.2012 |
| 1998-99 | എൽ.എഫ്.കെ.എൻ.ആർ/ഡി1/941/2009/(12)തീ.23.06.2012 |

| | |
|---|---|
| | |
| 2000-01 | എൽ.എഫ്.കെ.എൻ.ആർ/ഡി1/941/2009/(15)തീ.23.06.2012 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ/ഡി1/941/2009/(18)തീ.23.06.2012 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/ഡി1/1135/2008/(11)തീ.06.11.2009 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/ഡി1/1136/2008/തീ.06.11.2009 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/ഡി1/1135/755/തീ.26.08.2010 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/ഡി1/756/2010/തീ.26.08.2010 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ/ഡി6/259/2012/തീ.26.06.2012 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ/ഡി6/260/2012/തീ.26.06.2012 |
| 2010-11 | എൽ.എഫ്.കെ.എൻ.ആർ/ഡി6/260/2012/തീ.26.06.2012 |
| 2011-12,12-13 | എൽ.എഫ്.കെ.എൻ.ആർ/ഡി6/246/2014/തീ.18.11.2014 |
| 2013-14.<br>14-15 | എൽ.എഫ്.കെ.എൻ.ആർ/ഡി8/620/2016/തീ.02.06.2016 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പി.പി.യു

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ.C8.1973/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഫോൺ.0497-2707698

ഇ.മെയിൽ:lfaddistofficeknr@gmail.com

തീയ്യതി:01.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

AUDIT CERTIFICATE

No. KSA/KNR/C8.1973/2016

Kerala State Audit Department
District Audit Office,kannur,
Phone.04972-707698
E-Mail.lfaddistofficeknr@gmail.com

Date.01.12.2016

Certified that I have audited the Annual Financial Statement of New Mahe Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of New Mahe Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director

# അനുബന്ധം2

# Income & Expenditure statement For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 2,726,400.00 |
| 130000000 | Rental Income from Panchayat Properties | I-3 | 473,168.00 |
| 140000000 | Fee &User charges | I-4(b) | 361,004.00 |
| 150000000 | Sale &Hire Charges | I-5(b) | 144,979.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 32,219,679.00 |
| 170000000 | Income from investments | I-7 | 124,825.00 |
| 171000000 | Interest Earned | I-8 | 195,738.00 |
| 180000000 | Other income | I-9 | 19,000.00 |
| A | Total Income | | 36,264,793.00 |
| Expenditure | | | |
| 21000000 | EstablishmentExpenses | I-10(b) | 5,715,675.00 |
| 22000000 | Administrative Expenses | I-11(b) | 550,844.00 |
| 230000000 | Operations & Maintanance | I-12(b) | 775,578.00 |
| 240000000 | Interest & Finance Charges | I-13 | 852.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 1,406,027.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 5,689,070.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 6,665.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 108,500.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred Institutions & State Sponsored Schemes | I-14(d) | 15,230,975.00 |
| 255000000 | Maintenance Projects | I-14(e) | 3,422,104.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 23,200.00 |
| 260000000 | Grants,Contributions and compensations from Own Fund | I-15 | 1,500.00 |
| 272000000 | Depreciation | I-17(a) | 1,098,124.00 |
| B | Total - Expenditure | | 34,029,114.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 2,235,679.00 |
| D=280000000 | Prior period Item | I-18 | 159,328.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | 2,076,351.00 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

## അനുബന്ധം3

# Receipt And Payment Statement NEW MAHE Grama Panchayat For the period from 01 April 2015 to 31 March 2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 20,169,137.00 |
| | Cash | RP-40(a) | 139,938.00 |
| | Receipts | | |

| | | | |
|---|---|---|---|
| Operating | | | |
| 110000000 | Tax Revenue | RP- 1 | 677,445.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 1,000.00 |
| 140000000 | Fees & User Charges | RP- 4 | 313,794.00 |
| 150000000 | Sale & Hire Charges | RP- 5 | 144,979.00 |
| 160000000 | Revenue Grants ,Funds,Contributions & Compensations | RP- 7 | 5,457,240.00 |
| 171000000 | Interest Earned | RP- 9 | 195,738.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 8,018,870.00 |
| 350000000 | Other Liabilities | RP-36 | 420,658.00 |
| Non Operating | | | |
| 180000000 | Other income | RP-10 | 19,000.00 |
| 311000000 | Earmarked Funds | RP-29 | 1,306.00 |
| 340000000 | Deposits Received | RP- 34 | 131,742.00 |
| 350000000 | Other Liabilities | RP- 36 | 128,863.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors(Receivables) | RP- 43 | 1,963,696.00 |
| 460000000 | Loans,Advances and Deposits | RP- 47 | 12,000.00 |
| Grand Total | | | 37,795,406.00 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 1,700,130.00 |
| 220000000 | Administrative Expenses | RP-12 | 473,295.00 |
| 230000000 | Operatations & Maintanance | RP-13 | 775,578.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 631,235.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 4,542,697.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 6,665.00 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 108,500.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 335,955.00 |

| | | | |
|---|---|---|---|
| 255000000 | Maintanance Projects | RP-20 | 3,422,104.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 23,200.00 |
| 260000000 | Grants,Contributions and Compensations from Own Fund | RP-22 | 1,500.00 |
| 280000000 | Prior period Item | RP-26 | 159,328.00 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 838,396.00 |
| 350000000 | Other Liabilities | RP-36 | 3,789,509.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 852.00 |
| 340000000 | Deposits Received | RP-34 | 84,244.00 |
| 350000000 | Other Liabilities | RP-36 | 1,022,357.00 |
| 410000000 | Fixed Assets | RP-38 | 5,731,609.00 |
| 412000000 | Capital Work In Progress | RP-40 | 4,051,749.00 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | RP-47 | 171,500.00 |
| | Closing Balance | | |
| | Bank | RP-40(b) | 9,843,185.00 |
| | Cash | RP-40(b) | 81,818.00 |
| Grand Total | | | 37,795,406.00 |

## അനുബന്ധം4

# Balance Sheet NEW MAHE Grama Panchayat As on 31 March 2016

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 14865371.00 |
| 311000000 | Earmarked Funds | B-2 | 29926.00 |
| 312000000 | Reserves | B-3 | 15102037.00 |
| | Total Reserve & surplus | | 29997334.00 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 821626.00 |

| | | | |
|---|---|---|---|
| | Total Grants,Funds & Contributions for Specific Purposes | | 821626.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 558081.00 |
| 350000000 | Other Liabilities | B-9 | 641134.00 |
| | Total Current Liabilities and Provisions | | 1199215.00 |
| | TOTAL LIABILIITIES | | 32018175.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 22317586.00 |
| 411000000 | Accumulated Depreciation | B-11 | (2954626.00) |
| 412000000 | Capital Work In Progress | B-11(a) | 97144.00 |
| | Total Fixed Assets | | 19460104.00 |
| 420000000 | Investments | B-12 | 1352633.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1182735.00 |
| 450000000 | Cash and Bank balance | B-17 | 9925003.00 |
| 460000000 | Loans,Advances and Deposits | B-18 | 97700.00 |

| | | | |
|---|---|---|---|
| | Total Current Assets,Loans and Advances | | 11205438.00 |
| | Total Assets | | 32018175.00 |